നം.ഇ.എക്സ്.എ4/1000/2026/സി.ജി.ഇ (I)

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 12/03/2026

പ്രേഷകൻ
സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

വിഷയം: പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി. പരീക്ഷ 2026 - മൂല്യ നിർണ്ണയ ക്യാമ്പുകളിൽ കുറവുള്ള **അഡീഷണൽ എക്സാമിനർ /അസിസ്റ്റന്റ് ചീഫ് എക്സാമിനർ** എന്നിവരെ നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. 29/10/2025 ലെ ഇ.എക്സ്/സി.ജി.എൽ.(1)/40000/2025/സി.ജി.ഇ നമ്പർ പരീക്ഷ വിജ്ഞാപനം.
2. 10/02/2026 ലെ ഇതേ നമ്പർ സർക്കുലർ.

2026 എസ്.എസ്.എൽ.സി. പരീക്ഷയുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിലേയ്ക്ക് സ്കൂളുകളിൽ നിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ അദ്ധ്യാപകരെ എക്സാമിനർമാരായി നിയോഗിക്കുന്നതിന് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ എല്ലാ സ്കൂളുകളിൽ നിന്നും മൂല്യനിർണ്ണയത്തിന് ആവശ്യമായ എക്സാമിനർമാരുടെ വിവരങ്ങൾ സൈറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. 06/04/2026 മുതൽ എസ്.എസ്.എൽ.സി മൂല്യനിർണ്ണയം ആരംഭിക്കേണ്ടതാകയാൽ ഇനിയും യോഗ്യരായ അദ്ധ്യാപകരുടെ വിവരങ്ങൾ നൽകിയിട്ടില്ലാത്ത സ്കൂളുകൾ അടിയന്തരമായി വിവരങ്ങൾ സൈറ്റിൽ നൽകുന്നതിനുള്ള നിർദ്ദേശം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകൾക്ക് നൽകേണ്ടതാണ്. അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പരിധിയിലുള്ള എല്ലാ ഹൈസ്ക്കൂളുകളിലേയും പത്താംതരത്തിലെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന യോഗ്യരായ അദ്ധ്യാപകർ വിവരങ്ങൾ

നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പൂർണ്ണ ചുമതലയാണെന്ന വിവരം ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

സെക്രട്ടറി

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (സർക്കുലർ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്ക് നൽകുന്നതിനായി)
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
   (എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും അടിയന്തിരമായി പകർപ്പ് നൽകേണ്ടതാണ്.)
3. സിസ്റ്റം മാനേജർ.